**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2170** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഹോമിയോ ഡിസ്‌പെൻസറികളിലെ ഫാർമസിസ്റ്റ് ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഹോമിയോ ഡിസ്പെൻസറികൾ (എൻ.എച്ച്.എം. ഉൾപ്പെടെ) നിലവിലുണ്ട്; അവിടെ മരുന്നുകൾ എടുത്തു കൊടുക്കുന്നത് ഫാർമസി യോഗ്യതയുള്ളവരാണോ; | (എ) | സംസ്ഥാനത്ത് 669 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളും, എൻ എച്ച് എം മുഖേന മെഡിക്കൽ ഓഫീസറെ നിയമിച്ചിരിക്കുന്ന 410ഹോമിയോ ഡിസ്പെൻസറികളും നിലവിലുണ്ട്. നിലവിലുള്ള 669 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി കളിൽ 578 ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലുണ്ട്. 91 ഡിസ്പെൻസറികളിൽ, ഹോമിയോപ്പതി സ്പെഷ്യൽ റൂൾ പ്രകാരം വകുപ്പ് നടത്തുന്ന ഇൻ സർവ്വീസ് കോഴ്സ് വിജയിച്ച്, ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച ഡിസ്പെൻസർ തസ്തികയിലെ ജീവനക്കാർ മെഡിക്കൽ ഓഫീസർമാരുടെ മേൽ നോട്ടത്തിൽ മരുന്ന് നൽകുന്നു. |
| (ബി) | പ്രസ്തുത ഡിസ്പെൻസറികളിൽ (എൻ.എച്ച്.എം. ഉൾപ്പെടെ) എത്ര ഫാർമസിസ്റ്റ് വേക്കൻസികൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; | (ബി) | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി കളിലെ ജില്ല തിരിച്ചുള്ള ഫാർമസിസ്റ്റ് ഒഴിവുകൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം-1, കൊല്ലം-3, പത്തനം തിട്ട -4, ആലപ്പുഴ-3, കോട്ടയം-4, ഇടുക്കി-6, എറണാകുളം-2,തൃശ്ശൂർ-ഇല്ല, പാലക്കാട് -ഇല്ല, മലപ്പുറം-1, കോഴിക്കോട്-ഇല്ല, വയനാട്-ഇല്ല, കണ്ണൂർ-2, കാസർ ഗോഡ്-1. മേൽ പറഞ്ഞിട്ടുള്ള ഒഴിവുകൾ എല്ലാം പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയുഷ് ഡിസ്പെൻസറി കളിൽ എൻ എച്ച് എം മുഖേന മെഡിക്കൽ ഓഫീസറെ മാത്രമേ നിയമിക്കുന്നുള്ളൂ. ഡിസ്പെൻസറി പ്രവർത്തിക്കാൻ ആവശ്യമായ ജീവനക്കാരെയും മറ്റു ഭൗതിക സാഹചര്യവും ഒരുക്കേണ്ടത് അതതു തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. |
| (സി) | ഫാർമസിസ്റ്റ് തസ്തികകളിൽ 2016 നു ശേഷം പി.എസ്.സി. മുഖേന സ്ഥിര നിയമനം നടന്നിട്ടുണ്ടോ; പ്രസ്തുത തസ്തികയുടെ പി.എസ്.സി. | (സി) | ഫാർമസിസ്റ്റ് തസ്തികകളിൽ 2016 നു ശേഷം സ്ഥിരനിയമനം നടന്നിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, |

| | | | |
|---|---|---|---|
| | റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ പി.എസ്.സി. മുഖേന സ്ഥിര നിയമനത്തിന് നടപടി സ്വീകരിക്കുമോ; | | വയനാട് ജില്ലകളിൽ പി എസ് സി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. |
| (ഡി) | ഡിസ്പെൻസറികളിൽ യോഗ്യതയില്ലാത്തവർ മരുന്ന് എടുത്തുകൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എഴുന്നൂറോളം ഉദ്യോഗാർത്ഥികൾ ഫാർമസി കോഴ്സ് പൂർത്തിയാക്കി ജോലിക്കായി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യോഗ്യതയില്ലാത്തവർക്ക് പകരം പ്രസ്തുത ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പെഷ്യൽ റൂൾ വ്യവസ്ഥകൾ പ്രകാരം നിശ്ചിത യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥി കളെ പി എസ് സി മുഖേനയും, ബൈ പ്രൊമോഷൻ മുഖേനയും ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുകളായി നിയമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ